**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4622** **13-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വിജ്ഞാൻവാടികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എത്ര വിജ്ഞാൻവാടികൾ പ്രവർത്തിച്ച വരുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | പ്രസ്തുത നിയോജക മണ്ഡലത്തിലെ മാമ്പഴത്ത് കോളനി(ആദിച്ചനല്ലൂർ പഞ്ചായത്ത്), പാറവിള കോളനി(പൂതക്കുളം പഞ്ചായത്ത്), ജയന്തി കോളനി(ചാത്തന്നൂർ പഞ്ചായത്ത്) എന്നീ കോളനികളിൽ വിജ്ഞാൻവാടികൾ പ്രവർത്തിച്ച വരുന്നു. |
| (ബി) | 2017-18 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലോരോന്നിലും പ്രസ്തുത വിജ്ഞാൻവാടികൾക്ക് സർക്കാർ അനുവദിച്ച തുക എത്രയെന്നും ഓരോ വർഷങ്ങളിലും ചെലവാക്കിയ തുകയെത്രയെന്നും എന്തെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക ചെലവഴിച്ചു എന്നും ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | വിജ്ഞാൻവാടികളുടെ പ്രവർത്തനങ്ങൾക്കായി ആവർത്തന ചെലവിനത്തിൽ ഒരു തുക പട്ടികജാതി വികസന ഓഫീസർമാർക്ക് അനുവദിച്ച് നൽകുകയും വിജ്ഞാൻവാടികളുടെ പ്രവർത്തനത്തിനാവശ്യമായ തുക വിവിധ ഇനങ്ങളിൽ ചെലവാകുന്നതിനനുസരിച്ച് വിവിധ ഏജൻസികൾക്ക് മാറി നൽകുകയും ബാക്കി വരുന്ന തുക സറണ്ടർ ചെയ്യുകയുമാണ് ചെയ്തുവരുന്നത്.<br><br>ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികൾക്കായി 2017-18 ൽഅനുവദിച്ച 3,00,000/- രൂപയിൽ ഫർണിച്ചർ, ബുക്ക്, ലൈബ്രറി ഐറ്റം, കമ്പ്യൂട്ടർ പ്രിന്റർ, സ്കാനർ, നെയിം ബോർഡ് എന്നിവയ്ക്കായി 2,42,940/- രൂപ ചെലവഴിക്കുകയും ബാക്കി വന്ന 57,060/- രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്.<br><br>2018-19 ൽ അനുവദിച്ച 30,000/- രൂപയിൽ പാറവിള വിജ്ഞാൻവാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,875/- രൂപയും പത്രം വാങ്ങിയ ഇനത്തിൽ 5,660/- രൂപയും, മാമ്പഴത്ത് കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,413/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 7,350/- രൂപയും കമ്പ്യൂട്ടർ റിപ്പയർ ഇനത്തിൽ 500/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,155/- രൂപയും ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി |

| | | | |
|---|---|---|---|
| | | | 19,953/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 10,047/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.<br><br>കോവിഡ് സാഹചര്യത്തിൽ 2019-20 ൽ ആവർത്തന ചെലവിനായി തുക ചെലവഴിച്ചിട്ടില്ല.<br><br>2020-21 ൽ ആകെ 33,792/- രൂപ അനുവദിച്ചു. പാറവിള വിജ്ഞാൻ വാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,246/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,870/- രൂപയും മാമ്പഴത്ത് കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,357/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,868/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രസിറ്റി ചാർജ്ജ്ഇനത്തിൽ 3,551/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 6,750/- രൂപയും ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി 24,672/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 9,120/- രൂപ സറണ്ടർ ചെയ്തു.<br><br>2021-22 വർഷം 27,000/- രൂപ അനുവദിച്ചതിൽ 11,844/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 15,156/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സാമ്പത്തിക വർഷങ്ങളിലോരോന്നിലും ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികൾക്ക് സർക്കാർ അനുവദിച്ച ധനസഹായത്തിൽ ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ ആയതെത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; തുക ചെലവഴിക്കാനാകാത്തതിന്റെ കാരണം അറിയിക്കാമോ; | (സി) | വിജ്ഞാൻവാടികളുടെ പ്രവർത്തനങ്ങൾക്കായി ആവർത്തന ചെലവിനത്തിൽ ഒരു തുക പട്ടികജാതി വികസന ഓഫീസർമാർക്ക് അനുവദിച്ച് നൽകുകയും വിജ്ഞാൻവാടികളുടെ പ്രവർത്തനത്തിനാവശ്യമായ തുക വിവിധ ഇനങ്ങളിൽ ചെലവാകുന്നതിനനുസരിച്ച് വിവിധ ഏജൻസികൾക്ക് മാറി നൽകുകയും ബാക്കി വരുന്ന തുക സറണ്ടർ ചെയ്യുകയുമാണ് ചെയ്തുവരുന്നത്.<br><br>ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികൾക്കായി 2017-18 ൽഅനുവദിച്ച 3,00,000/- രൂപയിൽ ഫർണിച്ചർ, ബുക്ക്, ലൈബ്രറി ഐറ്റം, കമ്പ്യൂട്ടർ പ്രിന്റർ, സ്കാനർ, നെയിം ബോർഡ് എന്നിവയ്ക്കായി 2,42,940/- രൂപ ചെലവഴിക്കുകയും ബാക്കി വന്ന 57,060/- രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്.<br><br>2018-19 ൽ അനുവദിച്ച 30,000/- രൂപയിൽ പാറവിള വിജ്ഞാൻവാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,875/- രൂപയും പത്രം വാങ്ങിയ ഇനത്തിൽ 5,660/- രൂപയും, മാമ്പഴത്ത് കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,413/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 7,350/- രൂപയും കമ്പ്യൂട്ടർ റിപ്പയർ ഇനത്തിൽ 500/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,155/- രൂപയും |

| | | | |
|---|---|---|---|
| | | | ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി 19,953/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 10,047/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.<br><br>കോവിഡ് സാഹചര്യത്തിൽ 2019-20 ൽ ആവർത്തന ചെലവിനായി തുക ചെലവഴിച്ചിട്ടില്ല.<br><br>2020-21 ൽ ആകെ 33,792/- രൂപ അനുവദിച്ചു. പാറവിള വിജ്ഞാൻ വാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,246/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,870/- രൂപയും മാമ്പഴത്ത് കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,357/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,868/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രസിറ്റി ചാർജ്ജ്ഇനത്തിൽ 3,551/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 6,750/- രൂപയും ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി 24,672/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 9,120/- രൂപ സറണ്ടർ ചെയ്തു.<br><br>2021-22 വർഷം 27,000/- രൂപ അനുവദിച്ചതിൽ 11,844/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 15,156/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. |
| (ഡി) | ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | വിജ്ഞാൻവാടികളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനായി വിജ്ഞാൻവാടി കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് അടിയന്തിര ചെലവുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൂതക്കുളം ഗ്രാമപഞ്ചായത്ത് അടിയന്തിര റീവയറിംഗിന് 10,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആദിച്ചനല്ലൂർ മാമ്പഴത്ത് കോളനിയിലെ വിജ്ഞാൻവാടി ഒരു സ്വകാര്യ ക്ലബിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വിജ്ഞാൻവാടി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കാമെന്ന കമ്മിറ്റി തീരുമാനം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ